ആഗോള കാർഷിക സംഗമം

229(1668) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടുത്തിടെ നടന്ന ആഗോള കാർഷിക സംഗമത്തിന്റെ നേട്ടങ്ങൾ നമ്മുടെ കാർഷിക രംഗത്തിന് എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) 2016-ൽ കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമായി പ്രഖ്യാപിക്കാനുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1. സമ്പൂർണ്ണ ജൈവ കൃഷി സംസ്ഥാനം എന്ന മഹത് ലക്ഷ്യത്തിലേക്ക് മുന്നേറുന്ന കാർഷിക കേരളത്തെ പൂർണ്ണമായും ജൈവകൃഷിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

2. കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തമായ ഉല്പന്നങ്ങളുടെ മേന്മയും മൂല്യവും ലോക വിപണിയെ അറിയിച്ച് ആഗോള വിപണി കണ്ടെത്തും.

3. യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

4. ഓർഗാനിക് കൃഷി ഫുഡ് പ്രോസസിംഗ് മൈനർ എക്സ്പോർട്ട്സ്, ലാന്റ് സ്കേപ്പിംഗ്, കോക്കനട്ട് എക്സ്ടാക്ട്, പൈനാപ്പിൾ കൃഷി ടെക്നോളജി ഫാം പ്രൊഡ്യൂസ് തുടങ്ങിയ മേഖലകളിൽ വ്യവസായം നടത്തുന്നതിന് നടപടി സ്വീകരിക്കും.

5. പഴം, പച്ചക്കറി, പൂക്കൾ എന്നിവയുടെ പോളിഹൗസ്, കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കും.

6. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ളവരും വിദേശ സംരംഭകരും കാർഷിക മേഖലയിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കും.

(ബി) സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ പഞ്ചായത്ത് പ്രതിനിധികൾ, കൃഷി വകുപ്പ് കൃഷി അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി കാർഷിക വികസന സമിതി കൂടുകയുണ്ടായി. ഓരോ നിയോജക മണ്ഡലത്തിലും മേൽപ്പറഞ്ഞവരെ ഉൾപ്പെടുത്തി എം.എൽ.എ.-മാർ പങ്കെടുക്കുന്ന ആലോചനയോഗങ്ങൾ നടക്കുന്നു. ഓരോ നിയോജക മണ്ഡലത്തിനും അനുയോജ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly